കേരള സർക്കാർ

# 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ്

©
കേരള സർക്കാർ
2012

ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2012

# 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ്

21/2838/2012/DTP.

കേരള സർക്കാർ

**ലാ ഡിപ്പാർട്ട്മെന്റ്**

പരസ്യം*

നമ്പർ 8450-എഫ്3/68/ലാ.

തിരുവനന്തപുരം, 1969 ജൂൺ 27 / 1891 ആഷാഢം 6.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 1969 ജൂൺ 24-ാം തീയതി പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയുണ്ടായി.

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,

പി. ശങ്കുണ്ണിമേനോൻ,
അഡീഷണൽ ലാ സെക്രട്ടറി.

* Published in Kerala Gazette No. 41 dated 15th October 1985

# 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ്

## 1969-ലെ 26-ാം ആക്റ്റ്

ദേശീയ പ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും, സംരക്ഷിക്കുന്നതിനും പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും ശിൽപ്പവേലകൾ, കൊത്തു പണികൾ അവയെപ്പോലുള്ള മറ്റു വസ്തുക്കൾ എന്നിവ കാത്തു സൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുമുള്ള ഒരു ആക്റ്റ്.

പീഠിക.—ദേശീയ പ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും പുരാവസ്തു ശാസ്ത്രസംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും, ശിൽപ്പവേലകൾ, കൊത്തുപണികൾ അവയെപ്പോലുള്ള മറ്റു വസ്തുക്കൾ എന്നിവ കാത്തു സൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പത്തൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കട്ടെ:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്റ്റിന് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനമൊട്ടാകെ, വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഗസറ്റിൽ പരസ്യംമൂലം ഗവൺമെന്റ് നിശ്ചയിക്കാവുന്ന തീയതിക്ക് ഇത് നടപ്പിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

(എ) "പ്രാചീനസ്മാരകം" എന്നാൽ ചരിത്രപരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ, കലാശിൽപ്പപരമായോ കൗതുകപ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ വല്ല നിർമ്മാണമോ എടുപ്പോ, സ്മാരകമോ, അഥവാ വല്ല ശ്മശാന സ്ഥലമേടയോ, തടങ്കൽ സ്ഥലമോ അഥവാ വല്ല ഗുഹയോ, പാറമേലുള്ള ശിൽപ്പവേലയോ, ശിലാലിഖിതമോ അഥവാ ഏക ശിലാസ്തംഭമോ എന്നർത്ഥമാകുന്നതും, അതിൽ,

(i) പ്രാചീനസ്മാരകത്തിന്റെ അവശിഷ്ടങ്ങളും ;

(ii) പ്രാചീനസ്മാരക സങ്കേതവും ;

(iii) പ്രാചീനസ്മാരകം, വേലികെട്ടിത്തിരിക്കുന്നതിനോ മറയ്ക്കുന്നതിനോ, അഥവാ മറ്റുവിധത്തിൽ സംരക്ഷിക്കുന്നതിനോ ആവശ്യമായി വരത്തക്കവിധം അങ്ങനെയുള്ള സ്മാരക സങ്കേതത്തോട് തൊട്ടുകിടക്കുന്ന ഭൂമിയുടെ ഭാഗവും ;

(iv) പ്രാചീന സ്മാരകത്തിന്റെ അടുത്തുചെല്ലുവാനും, അതു സൗകര്യപ്രദമായി പരിശോധിക്കുവാനുമുള്ള മാർഗ്ഗവും ഉൾപ്പെടുന്നതും എന്നാൽ ദേശീയ പ്രാധാന്യമുള്ളതാണെന്ന് പാർലമെന്റ് ഉണ്ടാക്കിയ നിയമംമൂലമോ, നിയമപ്രകാരമോ പ്രഖ്യാപിക്കപ്പെട്ട യാതൊരു പ്രാചീന സ്മാരകമോ ചരിത്രസ്മാരകമോ ഉൾപ്പെടാത്തതുമാകുന്നു.

(ബി) ''പൗരാണികാവശിഷ്ടം'' എന്നതിൽ—

(i) വല്ല നാണയമോ ശിൽപ്പവേലയോ ഹസ്തലിഖിതമോ ശിലാലേഖയോ അല്ലെങ്കിൽ കലയോ കൈവേലയോ സംബന്ധിച്ച മറ്റു പണിയോ അതും ;

(ii) കെട്ടിടത്തിലോ, ഗുഹയിലോ നിന്നു വേർപെടുത്തി എടുത്ത വല്ല സാമഗ്രിയോ വസ്തുവോ സാധനമോ അതും ;

(iii) കഴിഞ്ഞ കാലങ്ങളിലെ ശാസ്ത്രമോ, കലയോ, കൈത്തൊഴിലോ, സാഹിത്യമോ, മതമോ, ആചാരമോ സദാചാരമോ അഥവാ; രാഷ്ട്രീയമോ ചിത്രീകരിക്കുന്ന വല്ല സാമഗ്രിയോ വസ്തുവോ സാധനമോ അതും,

(iv) ചരിത്രപരമായി കൗതുകമുള്ള വല്ല സാമഗ്രിയോ, വസ്തുവോ, സാധനമോ അതും;

(v) ഗവൺമെന്റ് ഈ ആക്റ്റിന്റെ ആവശ്യാർത്ഥം പരസ്യംമൂലം പൗരാണികാവശിഷ്ടമായി പ്രഖ്യാപിച്ചിട്ടുള്ളതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ വല്ല സാമഗ്രിയോ വസ്തുവോ സാധനമോ അതും ഉൾപ്പെടുന്നതാണ്.

(സി) ''ആർക്കിയോളജിക്കൽ ആഫീസർ'' എന്നാൽ ഗവൺമെന്റിന്റെ ആർക്കിയോളജി ഡിപ്പാർട്ടുമെന്റിലെ എപ്പിഗ്രാഫിക് അസിസ്റ്റന്റിന്റെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

(ഡി) ''പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും'' എന്നാൽ ചരിത്രപരമായോ, പുരാവസ്തു ശാസ്ത്രസംബന്ധമായോ, പ്രാധാന്യമുള്ളതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ ജീർണ്ണാവശിഷ്ടങ്ങളോ നഷ്ടാവശിഷ്ടങ്ങളോ അടങ്ങിയിട്ടുള്ളതോ, അടങ്ങിയിട്ടുണ്ടെന്ന് ന്യായമായി വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും പ്രദേശം എന്നർത്ഥമാകുന്നതും, അതിൽ—

(i) ആ പ്രദേശം വേലികെട്ടിത്തിരിക്കുന്നതിനോ, മറയ്ക്കുന്നതിനോ മറ്റുവിധത്തിൽ സംരക്ഷിക്കുന്നതിനോ ആവശ്യമായി വരത്തക്കവിധം അതോടു തൊട്ടുകിടക്കുന്ന ഭൂമിയുടെ ഭാഗവും ;

(ii) ആ പ്രദേശത്തിന്റെ അടുത്തുചെല്ലുവാനും, അതു സൗകര്യപ്രദമായി പരിശോധിക്കുവാനുമുള്ള മാർഗ്ഗവും ഉൾപ്പെടുന്നതും :

എന്നാൽ ദേശീയ പ്രാധാന്യമുള്ളതാണെന്ന് പാർലമെന്റുണ്ടാക്കിയ നിയമംമൂലമോ നിയമപ്രകാരമോ പ്രഖ്യാപിക്കപ്പെട്ട യാതൊരു പുരാവസ്തു സങ്കേതമോ പുരാവശിഷ്ടമോ ഉൾപ്പെടാത്തതുമാകുന്നു;

(ഇ) "ഡയറക്ടർ" എന്നാൽ, ആർക്കിയോളജി ഡയറക്ടർ എന്നർത്ഥമാകുന്നതും; അതിൽ ഈ ആക്റ്റുപ്രകാരം ഡയറക്ടറുടെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുവാൻ ഗവൺമെന്റ് അധികാരപ്പെടുത്തുന്ന ഏതൊരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) വ്യാകരണ സംബന്ധമായ മാറ്റങ്ങളും സജാതീതമായ പ്രയോഗങ്ങളും സഹിതം "നിലനിർത്തിപ്പോരുക" എന്നതിൽ ഒരു സംരക്ഷിത സ്മാരകം വേലികെട്ടിത്തിരിക്കുക, മറയ്ക്കുക, കേടുപാടുതീർക്കുക, പൂർവ്വസ്ഥിതിയിലാക്കുക, വൃത്തിയാക്കുക എന്നീ പ്രവൃത്തികളും സംരക്ഷിത സ്മാരകം സൂക്ഷിക്കുന്നതിനോ അതിലേക്ക് സൗകര്യപ്രദമായ നിലയിൽ പ്രവേശനം ലഭിക്കുന്നതിനോ ആവശ്യമുള്ള ഏതൊരു പ്രവർത്തിയും ചെയ്യുന്നത് ഉൾപ്പെടുന്നു;

(ജി) "പരസ്യം" എന്നാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യം എന്നർത്ഥമാകുന്നു;

(എച്ച്) "ഉടമ" എന്നതിൽ—

(i) തനിക്കും മറ്റു കൂട്ടുടമകൾക്കുംവേണ്ടി ഭരണാധികാരങ്ങൾ നൽകപ്പെട്ടിട്ടുള്ള കൂട്ടുടമയും അങ്ങനെയുള്ള ഏതെങ്കിലും ഉടമയുടെ പിൻതുടർച്ചാവകാശികളും;

(ii) ഭരണാധികാരം വിനിയോഗിക്കുന്ന ഏതെങ്കിലും മാനേജരോ, ട്രസ്റ്റിയോ അയാളും അങ്ങനെയുള്ള മാനേജരുടേയോ ട്രസ്റ്റിയുടേയോ സ്ഥാനത്ത് പിൻതുടർച്ചക്കാരനായി വരുന്ന ആളും ഉൾപ്പെടുന്നതാണ്;

(ഐ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജെ) "സംരക്ഷിതപ്രദേശം" എന്നാൽ ഈ ആക്റ്റുമൂലമോ ആക്റ്റുപ്രകാരമോ സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട വല്ല പുരാവസ്തു സങ്കേതവും പുരാവശിഷ്ടവും എന്നർത്ഥമാകുന്നു.

(കെ) "സംരക്ഷിത സ്മാരകം" എന്നാൽ ഈ ആക്റ്റുമൂലമോ ആക്റ്റുപ്രകാരമോ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കപ്പെട്ട പ്രാചീന സ്മാരകം എന്നർത്ഥമാകുന്നു.

## പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും കാത്തുസൂക്ഷിക്കൽ

3. ചില പ്രാചീന സ്മാരകങ്ങളും മറ്റും സംരക്ഷിതസ്മാരകങ്ങളും സംരക്ഷിത പ്രദേശങ്ങളോ ആയി കരുതണമെന്ന്.—(1) 1904-ലെ പ്രാചീന സ്മാരക സംരക്ഷണ ആക്റ്റോ (1904-ലെ 7-ാം കേന്ദ്ര ആക്റ്റ്) തിരുവിതാംകൂർ പ്രാചീന സ്മാരക സംരക്ഷണ ആക്റ്റോ (1112-ലെ 1) 1110-ലെ IX-ാം പ്രാചീന സ്മാരക സംരക്ഷണ ആക്റ്റോ (കൊച്ചി ആക്റ്റ്) പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കപ്പെട്ടവയും എന്നാൽ ദേശീയ പ്രാധാന്യമുള്ളവയാണെന്ന് പാർലമെന്റുണ്ടാക്കിയ ഏതെങ്കിലും നിയമം മൂലമോ, നിയമപ്രകാരമോ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്തവയുമായ എല്ലാ പ്രാചീന സ്മാരകങ്ങളും ചരിത്രസ്മാരകങ്ങളും ഈ ആക്റ്റിന്റെ ആവശ്യാർത്ഥം സംരക്ഷിത സ്മാരകങ്ങളായി കരുതേണ്ടതാകുന്നു.

(2) 1-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും ആക്റ്റു പ്രകാരം സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടതും, എന്നാൽ ദേശീയ പ്രാധാന്യമുള്ളതാണെന്ന് പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമം മൂലമോ നിയമപ്രകാരമോ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു പ്രദേശവും അങ്ങനെയുള്ള പ്രദേശം ഈ ആക്റ്റിൽ നിർവ്വചിച്ചപോലെയുള്ള ഒരു പുരാവസ്തുസങ്കേതവും പുരാവശിഷ്ടവുമാണെങ്കിൽ, ഈ ആക്റ്റിന്റെ ആവശ്യാർത്ഥം ഒരു സംരക്ഷിതപ്രദേശമായി കരുതേണ്ടതാകുന്നു.

4. പ്രാചീനസ്മാരകങ്ങളും മറ്റും സംരക്ഷിതസ്മാരകങ്ങളും സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിക്കുവാൻ ഗവൺമെന്റിനുള്ള അധികാരം.—(1) വല്ല പ്രാചീനസ്മാരകമോ പുരാവസ്തു സങ്കേതവും പുരാവശിഷ്ടവുമോ അതതു സംഗതിപോലെ ഒരു സംരക്ഷിതസ്മാരകമോ അഥവാ സംരക്ഷിതപ്രദേശമോ ആയി പ്രഖ്യാപിക്കേണ്ടതാണെന്ന് ഗവൺമെന്റിന് അഭിപ്രായമുണ്ടായാൽ അവർക്ക് പരസ്യംമൂലം, അങ്ങനെയുള്ള പ്രാചീന സ്മാരകമോ പുരാവസ്തുസങ്കേതവും പുരാവശിഷ്ടവുമോ അതതു സംഗതിപോലെ, സംരക്ഷിതസ്മാരകമോ അഥവാ സംരക്ഷിത പ്രദേശമോ ആയി പ്രഖ്യാപിക്കുന്നതിനുള്ള തങ്ങളുടെ ഉദ്ദേശം സംബന്ധിച്ച് രണ്ടു മാസത്തെ നോട്ടീസ് കൊടുക്കാവുന്നതും, അപ്രകാരമുള്ള ഏതൊരു പരസ്യത്തിന്റെയും ഒരു പ്രതി അതതു സംഗതിപോലെ, സ്മാരകത്തിന്റെയോ അഥവാ സങ്കേതത്തിന്റെയും പുരാവശിഷ്ടത്തിന്റെയുമോ സമീപം എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു സ്ഥലത്ത് പതിക്കേണ്ടതുമാകുന്നു.

(2) അപ്രകാരമുള്ള ഏതെങ്കിലും പ്രാചീനസ്മാരകത്തിലോ പുരാവസ്തു സങ്കേതത്തിലും പുരാവശിഷ്ടത്തിലുമോ അവകാശ ബന്ധമുള്ള ഏതൊരാൾക്കും പരസ്യം പുറപ്പെടുവിച്ച് രണ്ടുമാസത്തിനകം, സ്മാരകമോ, പുരാവസ്തുസങ്കേതവും പുരാവശിഷ്ടവുമോ, അതതു സംഗതിപോലെ സംരക്ഷിത സ്മാരകമോ സംരക്ഷിതപ്രദേശമോ ആയി പ്രഖ്യാപിക്കുന്നതിൽ ആക്ഷേപം ബോധിപ്പിക്കാവുന്നതാണ്.

6. <u>സംരക്ഷിതസ്മാരകം ഉടമ്പടിമൂലം സംരക്ഷിക്കൽ.</u>—(1) ഡയറക്ടർ, ഗവൺമെന്റ് നിർദ്ദേശിക്കുന്നതായാൽ സംരക്ഷിത സ്മാരകത്തിന്റെ ഉടമയോട് ആ സ്മാരകം നിലനിർത്തിപ്പോരുന്നതിനുവേണ്ടി, പ്രത്യേകം പറയുന്ന കാലത്തിനകം ഗവൺമെന്റുമായി ഒരുടമ്പടി ചെയ്യാൻ അഭിപ്രായപ്പെടേണ്ടതാകുന്നു.

(2) ഈ വകുപ്പുപ്രകാരമുള്ള ഉടമ്പടിയിൽ താഴെപ്പറയുന്ന എല്ലാ കാര്യങ്ങൾക്കുമോ അഥവാ ഏതെങ്കിലും കാര്യത്തിനോ വ്യവസ്ഥ ചെയ്യാവുന്നതാകുന്നു, അതായത്:—

(എ) സ്മാരകം നിലനിർത്തിപ്പോരൽ ;

(ബി) സ്മാരകം സൂക്ഷിച്ചുവയ്ക്കലും അത് കാത്ത് സൂക്ഷിക്കുവാൻ നിയമിക്കപ്പെടുന്ന ഏതൊരാളുടെയും കർത്തവ്യങ്ങളും ;

(സി) (i) സ്മാരകം ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയോ ;

(ii) സ്മാരകത്തിൽ പ്രവേശിക്കുകയോ പരിശോധിക്കുകയോ ചെയ്യുന്നതിന് വല്ല ഫീസും ചുമത്തുകയോ ;

(iii) സ്മാരകം നശിപ്പിക്കുകയോ നീക്കം ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ അഥവാ വികൃതമാക്കുകയോ ;

(iv) സ്മാരകസ്ഥലത്തോ അതിനു സമീപമോ വല്ലതും നിർമ്മിക്കുകയോ ചെയ്യുന്നതിന് ഉടമയ്ക്കുള്ള അവകാശം നിയന്ത്രിക്കൽ ;

(ഡി) പൊതുജനങ്ങൾക്കോ പൊതുജനങ്ങളിൽ ഏതെങ്കിലും വിഭാഗത്തിനോ ഡയറക്ടർക്കോ അഥവാ ഉടമയോ ഡയറക്ടറോ ജില്ലാ കളക്ടറോ സ്മാരകം പരിശോധിക്കുകയോ നിലനിർത്തിപ്പോരുകയോ ചെയ്യുന്നതിനുവേണ്ടി നിയോഗിക്കുന്ന ആളുകൾക്കോ അതിനടുത്ത് ചെല്ലുന്നതിന് അനുവദിക്കേണ്ട സൗകര്യങ്ങൾ;

(ഇ) സ്മാരകം സ്ഥിതിചെയ്യുന്ന ഭൂമിയോ, അതോ തൊട്ടു കിടക്കുന്ന വല്ല ഭൂമിയോ വിൽക്കാൻ ഉടമ ഒരുമ്പെടുന്ന സംഗതിയിൽ ഗവൺമെന്റിന് നൽകേണ്ട നോട്ടീസും അങ്ങനെയുള്ള ഭൂമിയോ അഥവാ അങ്ങനെയുള്ള ഭൂമിയുടെ ഏതെങ്കിലും പ്രത്യേക ഭാഗമോ അതിന്റെ കമ്പോള വിലയ്ക്ക് വിലയ്ക്കെടുക്കാൻ ഗവൺമെന്റിലേക്ക് കരുതി വച്ചിരിക്കേണ്ട അവകാശവും ;

(എഫ്) സ്മാരകം നിലനിർത്തിപ്പോരുന്നതു സംബന്ധിച്ച് ഉടമയ്ക്കോ ഗവൺമെന്റിനോ നേരിടുന്ന ഏതൊരു ചെലവും നൽകൽ ;

(ജി) സ്മാരകം നിലനിർത്തിപ്പോരുന്നതു സംബന്ധിച്ച് ഗവൺമെന്റിന് വല്ല ചെലവും നേരിടുമ്പോൾ ആ സ്മാരകം സംബന്ധിച്ച് ഗവൺമെന്റിൽ നിക്ഷിപ്തമാകുന്ന ഉടമാവകാശം അല്ലെങ്കിൽ മറ്റവകാശങ്ങൾ ;

(എച്ച്) ഉടമ്പടിയിൽ നിന്നുണ്ടാകുന്ന ഏതൊരു തർക്കവും തീരുമാനിക്കാൻ അധികാരസ്ഥനെ നിയമിക്കൽ ;

(ഐ) സ്മാരകം നിലനിറുത്തുന്നതു സംബന്ധിച്ചുള്ളതും, ഉടമയും ഗവൺമെന്റും തമ്മിലുള്ള ഉടമ്പടിയിലെ തക്കതായ വിഷയം ആയിട്ടുള്ളതുമായ ഏതെങ്കിലും കാര്യം.

(3) ഗവൺമെന്റിനോ ഉടമയ്ക്കോ ഈ വകുപ്പു പ്രകാരമുള്ള ഉടമ്പടി എഴുതിക്കൊടുത്ത തീയതി മുതൽ മൂന്നു വർഷം കഴിഞ്ഞാൽ ഏതൊരു സമയത്തും മറ്റേ കക്ഷിക്ക് ആറുമാസത്തെ രേഖാമൂലമായ നോട്ടീസ് നൽകി ഉടമ്പടി അവസാനിപ്പിക്കാവുന്നതാണ്.

എന്നാൽ ഉടമ്പടി ഉടമ അവസാനിപ്പിക്കുന്നപക്ഷം, അയാൾ ഉടമ്പടി അവസാനിപ്പിക്കുന്നതിനു തൊട്ടുമുമ്പുള്ള അഞ്ചു വർഷക്കാലത്തോ അഥവാ ഉടമ്പടി അതിലും കുറഞ്ഞ കാലത്തേക്കാണ് പ്രാബല്യത്തിലിരുന്നതെങ്കിൽ ഉടമ്പടി പ്രാബല്യത്തിലിരുന്ന കാലത്തോ സ്മാരകം നിലനിർത്തുവാൻ ഗവൺമെന്റിന് ചെലവുവല്ലതും നേരിട്ടിട്ടുണ്ടെങ്കിൽ അത് അവർക്ക് നൽകേണ്ടതാണ്.

(4) ഈ വകുപ്പുപ്രകാരമുള്ള ഉടമ്പടി, ഏത് കക്ഷിയോ ഏതു കക്ഷിക്കുവേണ്ടിയോ ആണ് ഉടമ്പടി എഴുതിക്കൊടുത്തിട്ടുള്ളത് ആ കക്ഷിയിൽനിന്നോ കക്ഷി മുഖാന്തിരമോ അഥവാ കക്ഷിയുടെ കീഴിലോ ആ ഉടമ്പടി സംബന്ധിക്കുന്ന സ്മാരകത്തിന്റെ ഉടമയായി തേർച്ചചെയ്യുന്ന ഏതൊരാൾക്കും ബാധകമാകുന്നതാണ്.

7. <u>അവശരോ കൈവശാവകാശമില്ലാത്തവരോ ആയ ഉടമകൾ.</u>—(1) സംരക്ഷിത സ്മാരകത്തിന്റെ ഉടമയ്ക്ക് പ്രായം തികയാത്തതുകൊണ്ടോ, മറ്റ് അവശതകൊണ്ടോ സ്വയം പ്രവർത്തിപ്പാൻ കഴിവില്ലെങ്കിൽ അയാൾക്കുവേണ്ടി പ്രവർത്തിപ്പാൻ നിയമപരമായി അധികാരമുള്ള ആൾക്ക് 6-ാം വകുപ്പിനാൽ ഉടമയ്ക്ക് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കാവുന്നതാണ്.

(2) സംരക്ഷിതസ്മാരകം ഗ്രാമസ്വത്തായിരിക്കുന്ന സംഗതിയിൽ അങ്ങനെയുള്ള സ്വത്തിൻമേൽ ഭരണാധികാരം വിനിയോഗിക്കുന്ന ഗ്രാമത്തലവനോ മറ്റ് വില്ലേജാഫീസർക്കോ 6-ാം വകുപ്പുമൂലം ഉടമയ്ക്ക് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കാവുന്നതാണ്.

(3) ഈ വകുപ്പിലുള്ള യാതൊന്നും ഒരാൾ, അയാൾ ഏതാൾക്കുവേണ്ടി പ്രവർത്തിക്കുന്നുവോ ആ ആളുടെ മതത്തിൽപ്പെട്ട ആളല്ലെങ്കിൽ അങ്ങനെയുള്ള യാതൊരാൾക്കും, ആ മതം സംബന്ധിച്ച ആരാധനയ്ക്കോ അനുഷ്ഠാനങ്ങൾക്കോ കാലന്തോറും ഉപയോഗിച്ചു വരുന്ന സംരക്ഷിത സ്മാരകമോ അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് ഒരു ഉടമ്പടി ചെയ്യുകയോ എഴുതിക്കൊടുക്കുകയോ ചെയ്യുവാൻ അധികാരം നൽകുന്നതായി കരുതാൻ പാടില്ലാത്തതാകുന്നു.

8. <u>സംരക്ഷിത സ്മാരകം കേടുപാടു തീർപ്പാൻ ദാനസ്വത്ത് ഉപയോഗപ്പെടുത്തൽ.</u>—(1) സംരക്ഷിത സ്മാരകം നിലനിറുത്തുന്നതിനുവേണ്ടി 6-ാം വകുപ്പുപ്രകാരം ഉടമ്പടി ചെയ്യാൻ തക്ക അധികാരമുള്ള ഏതെങ്കിലും ഉടമയോ മറ്റാളോ അങ്ങനെയുള്ള ഉടമ്പടി ചെയ്യാൻ കൂട്ടാക്കാതിരിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുകയും, അങ്ങനെയുള്ള സ്മാരകം കേടുപാടു തീർത്തു സൂക്ഷിക്കുന്നതിനോ അഥവാ മറ്റ് കാര്യങ്ങളുടെ കൂട്ടത്തിൽ ആ ആവശ്യത്തിനോ വല്ല ദാന സ്വത്തും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഗവൺമെന്റിന് അങ്ങനെയുള്ള ദാനസ്വത്തോ അതിന്റെ ഭാഗമോ ശരിയായി ഉപയോഗപ്പെടുത്തുന്നതിലേക്ക് ഡിസ്ട്രിക്ട് ജഡ്ജിയുടെ കോടതിയിൽ വ്യവഹാരം ബോധിപ്പിക്കുകയോ അഥവാ ആ സ്മാരകത്തിന്റെ കേടുപാടു തീർക്കുന്നതിനുള്ള മതിപ്പു ചെലവ് ആയിരം രൂപയിൽ കവിയാത്തപക്ഷം ഡിസ്ട്രിക്ട് ജഡ്ജിയുടെ അടുക്കൽ അപേക്ഷ ബോധിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ സംബന്ധിച്ച വാദം കേട്ടാൽ ഡിസ്ട്രിക്ട് ജഡ്ജിക്ക് ഉടമയേയും ഏതാളുടെ തെളിവാണോ ആവശ്യമായിട്ടുള്ളതെന്ന് തനിക്ക് തോന്നുന്നത് ആ ആളേയും സമന്വയച്ചു വരുത്തി വിസ്തരിക്കാവുന്നതും ദാന സ്വത്തോ അതിന്റെ ഏതെങ്കിലും ഭാഗമോ ശരിയായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഉത്തരവ് പാസ്സാക്കാവുന്നതും അങ്ങനെയുള്ള ഏതൊരുത്തരവും സിവിൽ കോടതിയുടെ വിധിയായിരുന്നാലെന്നപോലെ നടത്താവുന്നതുമാകുന്നു.

9. ഉടമ്പടി ചെയ്യാൻ വീഴ്ച വരുത്തുകയോ കൂട്ടാക്കാതിരിക്കുകയോ ചെയ്യൽ.—(1) സംരക്ഷിത സ്മാരകം നിലനിറുത്തുന്നതിനുവേണ്ടി 6-ാം വകുപ്പുപ്രകാരം ഉടമ്പടി ചെയ്യാൻ തക്ക അധികാരമുള്ള ഏതെങ്കിലും ഉടമയോ മറ്റാളോ അങ്ങനെയുള്ള ഉടമ്പടി ചെയ്യാൻ കൂട്ടാക്കാതിരിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം, ഗവൺമെന്റിന് 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങൾക്കുമോ അഥവാ ഏതെങ്കിലും കാര്യത്തിനോ വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള ഉത്തരവ് ഉടമയ്ക്കോ അങ്ങനെയുള്ള മറ്റൊരാൾക്കോ അയാൾക്കും ഉടമയിൽ നിന്നോ അങ്ങനെയുള്ള മറ്റാളിൽ നിന്നോ അല്ലെങ്കിൽ അയാൾ മുഖാന്തിരമോ അയാളുടെ കീഴിലോ സ്മാരകത്തിന്റെ ഉടമാവകാശം തേർച്ച ചെയ്യുന്ന ഏതൊരാൾക്കും ബാധകമായിരിക്കുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിൽ ഉടമ്പടി ചെയ്യാൻ തക്ക അധികാരമുള്ള ഉടമയോ മറ്റാളോ സ്മാരകം നില നിർത്തിപ്പോരേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നപക്ഷം, സ്മാരകം നിലനിർത്തിപ്പോരുന്നതിനുള്ള ന്യായമായ എല്ലാ ചെലവും ഗവൺമെന്റ് നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരുത്തരവും ഉടമയ്ക്കോ മറ്റാൾക്കോ ഉദ്ദിഷ്ട ഉത്തരവിനെതിരായി രേഖാമൂലം നിവേദനം നടത്താൻ ഒരവസരം നൽകാത്തപക്ഷം പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

10. 6-ാം വകുപ്പുപ്രകാരമുള്ള ഉടമ്പടിയുടെ ലംഘനം നിരോധിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള അധികാരം.—(1) സംരക്ഷിത സ്മാരകത്തിന്റെ ഉടമയോ കൈവശക്കാരനോ 6-ാം വകുപ്പുപ്രകാരം എഴുതി കൊടുത്ത ഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ആ സ്മാരകം നശിപ്പിക്കാനോ നീക്കം ചെയ്യാനോ, വ്യത്യാസപ്പെടുത്താനോ, വികൃതമാക്കാനോ അപകടപ്പെടുത്താനോ, ദുരുപയോഗപ്പെടുത്താനോ അഥവാ അത് സ്ഥിതിചെയ്യുന്ന സ്ഥലത്തോ അതിനടുത്തോ വല്ലതും പണിയുവാനോ ഉദ്ദേശിക്കുന്നതായി ഡയറക്ടർക്ക് ഭയാശങ്ക ഉണ്ടാകുന്നപക്ഷം, അദ്ദേഹത്തിന് ഉടമസ്ഥനോ കൈവശക്കാരനോ രേഖാമൂലം നിവേദനം നടത്താൻ ഒരവസരം നൽകിയതിനുശേഷം, ഉടമ്പടിയിലെ അങ്ങനെയുള്ള ഏതൊരു ലംഘനവും നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്;

എന്നാൽ, അങ്ങനെയുള്ള യാതൊരവസരവും, അങ്ങനെ അവസരം നൽകുന്നത് യുക്തമോ പ്രായോഗികമോ അല്ലെന്ന് രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ഡയറക്ടർക്ക് ബോദ്ധ്യം വരുന്ന യാതൊരു സംഗതിയിലും നൽകേണ്ട ആവശ്യമില്ലാത്തതാകുന്നു.

(2) ഈ വകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവമൂലം സങ്കടമുള്ള ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന കാലത്തിനുള്ളിലും വിധത്തിലും ഗവൺമെന്റിന്റെയടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതും, അപ്പീലിൻമേൽ ഗവൺമെന്റിന്റെ തീരുമാനം അവസാനത്തേതായിരിക്കുന്നതുമാകുന്നു.

11. ഉടമ്പടി നടപ്പിലാക്കൽ.—(1) 6-ാം വകുപ്പുപ്രകാരം സ്മാരകം നിലനിർത്തിപ്പോരുവാൻ ഉടമ്പടിമൂലം ബാദ്ധ്യസ്ഥനായ ഉടമയോ മറ്റാളോ സ്മാരകം നിലനിർത്തിപ്പോരുന്നതിന് ആവശ്യമുണ്ടെന്ന് ഡയറക്ടർക്ക് അഭിപ്രായമുള്ള ഏതെങ്കിലും പ്രവർത്തി ഡയറക്ടർ നിശ്ചയിക്കാവുന്ന ന്യായമായ കാലത്തിനുള്ളിൽ ചെയ്യാൻ കൂട്ടാക്കാതിരിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതായാൽ ഡയറക്ടർക്ക് അങ്ങനെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ ആരെയെങ്കിലും അധികാരപ്പെടുത്താവുന്നതും, ഉടമയോ മറ്റാളോ അങ്ങനെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനുള്ള ചെലവോ അല്ലെങ്കിൽ ഉടമ്പടി പ്രകാരം ഉടമ നൽകാൻ ബാദ്ധ്യതപ്പെട്ട ചെലവിന്റെ ഭാഗമോ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാകുന്നു.

(2) 1-ാം ഉപവകുപ്പുപ്രകാരം ഉടമയോ മറ്റാളോ നൽകേണ്ട ചെലവിന്റെ തുക സംബന്ധിച്ച് വല്ല തർക്കവും ഉണ്ടാവുന്നതായാൽ അത് ഗവൺമെന്റിന്റെ തീരുമാനത്തിന് വിടേണ്ടതും, അതിൻമേൽ ഗവൺമെന്റിന്റെ തീരുമാനം അവസാനത്തേതായിരിക്കുന്നതുമാണ്.

12. ചില വിക്രയങ്ങളിൽ ക്രേതാവും, ഉടമ മുഖാന്തിരം തേർച്ച ചെയ്യുന്ന ആളുകളും ഉടമ എഴുതിക്കൊടുത്ത കാരണമനുസരിച്ച് പ്രവർത്തിപ്പാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.—ഏത് സ്മാരകം സംബന്ധിച്ചിടത്തോളം തൽക്കാലത്തെ ഉടമ 5-ാം വകുപ്പോ 6-ാം വകുപ്പോ പ്രകാരം വല്ല കരണവും എഴുതിക്കൊടുത്തിരിക്കുന്നുവോ ആ സ്മാരകം സ്ഥിതിചെയ്യുന്ന വല്ല ഭൂമിയും ഭൂനികുതി കുടിശ്ശികയ്ക്കോ മറ്റേതെങ്കിലും പൊതു ഡിമാന്റിനോ ഉള്ള വിക്രയത്തിൽ വിലയ്ക്ക് വാങ്ങുന്ന ഏതൊരാളും അങ്ങനെയുള്ള ഏതെങ്കിലും കരണം എഴുതിക്കൊടുത്ത ഉടമയിൽ നിന്നോ ഉടമ മുഖാന്തിരമോ, അല്ലെങ്കിൽ ഉടമയുടെ കീഴിലോ സ്മാരകത്തിന്റെ വല്ല ഉടമാവകാശവും തേർച്ച ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള കരണം അനുസരിച്ച് പ്രവർത്തിപ്പാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

13. സംരക്ഷിത സ്മാരകങ്ങൾ വിലയ്ക്കെടുക്കൽ.—ഒരു സംരക്ഷിത സ്മാരകം നശിപ്പിക്കുകയോ കേടുവരുത്തുകയോ ദുരുപയോഗപ്പെടുത്തുകയോ ക്ഷയിച്ചുപോകാൻ അനുവദിക്കുകയോ ചെയ്യാൻ ഇടയുണ്ടെന്ന് ഗവൺമെന്റിന് ഭയാശങ്കയുള്ളപക്ഷം, അവർക്ക് ആ സംരക്ഷിത സ്മാരകം നിലനിർത്തിപ്പോരുകയെന്നത് 1961-ലെ കേരള സ്ഥലമെടുപ്പ് ആക്ടിന്റെ (1962-ലെ 21-ാം ആക്റ്റ്) അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന ഒരു പൊതുക്കാര്യമായിരുന്നാലെന്നപോലെ ആ സംരക്ഷിത സ്മാരകം ആ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം വിലയ്ക്കെടുക്കാവുന്നതാണ്.

14. ചില സംരക്ഷിത സ്മാരകങ്ങൾ നിലനിർത്തിപ്പോരൽ.—(1) 13-ാം വകുപ്പുപ്രകാരം വിലയ്ക്കെടുത്തതോ, അഥവാ ഏതു സ്മാരകത്തിന്റെ കാര്യത്തിൽ 5-ാം വകുപ്പിൽ പറഞ്ഞ അവകാശങ്ങളിൽ ഏതെങ്കിലും അവകാശം വിലയ്ക്കെടുത്തുവോ അങ്ങനെയുള്ളതോ ആയ ഏതൊരു സ്മാരകവും ഗവൺമെന്റ് നിലനിർത്തിപ്പോരേണ്ടതാണ്.

(2) ഡയറക്ടർ, 5-ാം വകുപ്പുപ്രകാരം സ്മാരകത്തിന്റെ രക്ഷാകർത്തൃത്വം കയ്യേറ്റിരുന്നാൽ അദ്ദേഹത്തിന് ആ സ്മാരകം നിലനിർത്തിപ്പോരുന്നതിനുവേണ്ടി അതു പരിശോധിക്കുന്നതിനും നിലനിർത്തിപ്പോരുന്നതിന് ആവശ്യകമോ അഭിലഷമീയമോ ആണെന്ന് തനിക്ക് തോന്നുന്ന സാമഗ്രികൾ കൊണ്ടുവരികയും പ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നതിനായി സ്വന്തമായും ഏജന്റുമാരും കീഴുദ്യോഗസ്ഥൻമാരും, പണിക്കാരും മുഖേനയും ന്യായമായ എല്ലാ സമയത്തും ആ സ്മാരകത്തിന്റെ അടുത്ത് ചെല്ലുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

15. <u>സ്വമേധയായുള്ള അംശദായങ്ങൾ.</u>—ഡയറക്ടർക്ക് സംരക്ഷിത സ്മാരകം നിലനിർത്തിപ്പോരുന്നതിലേക്കുള്ള ചെലവിലേക്ക് സ്വമേധയായുള്ള അംശദായങ്ങൾ സ്വീകരിക്കുകയും താൻ അങ്ങനെ സ്വീകരിക്കുന്ന ഏതൊരു ഫണ്ടും കൈകാര്യം ചെയ്ത് വിനിയോഗിക്കുന്നത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യാവുന്നതാകുന്നു:

എന്നാൽ, ഈ വകുപ്പുപ്രകാരം സ്വീകരിക്കുന്ന ഏതൊരാദായവും അത് ഏതു കാര്യത്തിനു നൽകിയോ ആ കാര്യത്തിനല്ലാതെ മറ്റ് യാതൊന്നിനും വിനിയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.

16. <u>ആരാധനാസ്ഥലം ദുരുപയോഗപ്പെടുത്തുകയോ, അശുദ്ധമാക്കുകയോ തീണ്ടുകയോ ചെയ്യാതെ . സംരക്ഷിക്കൽ.</u>—

(1) ഈ ആക്റ്റുപ്രകാരം ഗവൺമെന്റ് നിലനിർത്തിപ്പോരുന്ന സംരക്ഷിത സ്മാരകം; ഒരു ആരാധനാസ്ഥലമോ ക്ഷേത്രമോ ആണെങ്കിൽ അതിന്റെ സ്വഭാവത്തിന് വിരുദ്ധമായ യാതൊരു കാര്യത്തിനും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

(2) ഗവൺമെന്റ് 13-ാം വകുപ്പുപ്രകാരം ഒരു സംരക്ഷിത സ്മാരകം വിലയ്ക്കെടുക്കുകയോ ഡയറക്ടർ 5-ാം വകുപ്പുപ്രകാരം ഒരു സംരക്ഷിത സ്മാരകം വിലയ്ക്ക് വാങ്ങുകയോ പാട്ടത്തിനെടുക്കുകയോ അഥവാ അതിന്റെ ദാനമോ ഒസ്യത്തോ സ്വീകരിക്കുകയോ അഥവാ രക്ഷാകർത്തൃത്വം കയ്യേൽക്കുകയോ ചെയ്യുകയും അങ്ങനെയുള്ള സ്മാരകമോ അതിന്റെ ഏതെങ്കിലും ഭാഗമോ, ഏതെങ്കിലും സമുദായം മതപരമായ ആരാധനയ്ക്കോ അനുഷ്ഠാനത്തിനോ വേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നപക്ഷം, ആ സ്മാരകമോ അതിന്റെ ഭാഗമോ അശുദ്ധമാക്കുകയോ തീണ്ടുകയോ ചെയ്യാതെ സംരക്ഷിക്കുന്നതിന് ജില്ലാ കളക്ടർ:

(എ) പ്രസ്തുത സ്മാരകമോ അതിന്റെ ഭാഗമോ ഉപയോഗിക്കുന്ന സമുദായത്തിന്റെ മതപരമായ ആചാരംമൂലം അവിടെ പ്രവേശിക്കാൻ അവകാശമില്ലാത്ത ഏതൊരാളും ആ സ്മാരകത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ മതപരമായ ചാർജ്ജ് വഹിക്കുന്ന ആളുകൾ വല്ലവരുമുണ്ടെങ്കിൽ അവരുടെ സമ്മതത്തോടുകൂടി നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്കനുസൃതമായി അല്ലാതെ അങ്ങനെ പ്രവേശിക്കുന്നത് നിരോധിക്കുകയോ, അഥവാ

(ബി) ഇതിലേക്ക് ആവശ്യമെന്ന് തനിക്ക് തോന്നുന്ന മറ്റുനടപടി എടുക്കുകയോ ചെയ്തുകൊണ്ട് തക്ക വ്യവസ്ഥകൾ ചെയ്യേണ്ടതാകുന്നു.

17. സ്മാരകത്തിൽ ഗവൺമെന്റിനുള്ള അവകാശം വിട്ടുകൊടുക്കൽ.—ഗവൺമെന്റിന്റെ അനുമതിയോടുകൂടി ഡയറക്ടർ,—

(എ) ഈ ആക്ടുപ്രകാരം ഏതെങ്കിലും സ്മാരകം സംബന്ധിച്ച വല്ല വിക്രയമോ, പാട്ടമോ, ദാനമോ, ഒസ്യത്തോ ഹേതുവായി ഡയറക്ടർ അവകാശം സമ്പാദിച്ചിട്ടുള്ള പക്ഷം, അങ്ങനെ സമ്പാദിച്ച അവകാശം തൽക്കാലം സ്മാരകത്തിന്റെ ഉടമയായിരിക്കുന്ന ആൾക്ക് അങ്ങനെയുള്ള അവകാശം സമ്പാദിച്ചിട്ടില്ലാതിരുന്നാലെന്ന പോലെ, പരസ്യംമൂലം വിട്ടുകൊടുക്കുകയോ അഥവാ,

(ബി) ഈ ആക്റ്റുപ്രകാരം സ്മാരകം സംബന്ധിച്ച കയ്യേറ്റം ഏതൊരു രക്ഷാകർത്തൃത്വവും വിട്ടുകൊടുക്കുകയോ ചെയ്യാവുന്നതാകുന്നു.

18. സംരക്ഷിത സ്മാരകങ്ങളുടെ അടുത്തു ചെല്ലുവാനുള്ള അവകാശം.— ഈ ആക്റ്റുപ്രകാരമുണ്ടാക്കുന്ന ഏതൊരു ചട്ടത്തിനും വിധേയമായി പൊതുജനങ്ങൾക്കും ഏതൊരു സംരക്ഷിത സ്മാരകത്തിന്റെയും അടുത്തു ചെല്ലാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

## സംരക്ഷിത പ്രദേശങ്ങൾ

19. സംരക്ഷിത പ്രദേശങ്ങളിൽ സ്വത്തവകാശങ്ങൾ അനുഭവിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ.—(1) സംരക്ഷിത പ്രദേശത്തിന്റെ ഉടമയോ, കൈവശക്കാരനോ ഉൾപ്പെടെ യാതൊരാളും ഗവൺമെന്റിന്റെ അനുവാദം കൂടാതെ സംരക്ഷിത പ്രദേശങ്ങളിൽ യാതൊരു കെട്ടിടവും നിർമ്മിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള പ്രദേശത്ത് വല്ല ഖനനവും നടത്തുകയോ, കല്ല് വെട്ടിയെടുക്കുകയോ, കുഴിക്കുകയോ, പാറ പൊട്ടിക്കുകയോ, അതേ രീതിയിലുള്ള ഏതെങ്കിലും പ്രവർത്തനം നടത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രദേശമോ അതിന്റെ ഏതെങ്കിലും ഭാഗമോ മറ്റേതെങ്കിലും വിധത്തിൽ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു:

എന്നാൽ, ഈ ഉപവകുപ്പിലുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും പ്രദേശമോ അതിന്റെ ഭാഗമോ ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് ഒരടിയിൽ കവിഞ്ഞ് മണ്ണ് കുഴിക്കേണ്ടി വരാത്തപക്ഷം, കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നത് നിരോധിക്കുന്നതായി കരുതുവാൻ പാടില്ലാത്തതാകുന്നു.

(2) സംരക്ഷിത പ്രദേശത്തിനുള്ളിൽ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ആരെങ്കിലും നിർമ്മിച്ച ഏതെങ്കിലും കെട്ടിടവും ഒരു നിശ്ചിത കാലത്തിനുള്ളിൽ നീക്കം ചെയ്യണമെന്ന് ഉത്തരവുമൂലം ഗവൺമെന്റിന് നിർദ്ദേശിക്കാവുന്നതും അയാൾ ആ ഉത്തരവനുസരിച്ച് പ്രവർത്തിപ്പാൻ കൂട്ടാക്കാതിരിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം കളക്ടർക്ക് ആ കെട്ടിടം നീക്കം ചെയ്യിക്കാവുന്നതും അങ്ങനെ നീക്കം ചെയ്യുന്നതിന്റെ ചെലവ് നൽകാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

20. സംരക്ഷിത പ്രദേശം വിലയ്ക്കെടുക്കുവാനുള്ള അധികാരം.—ഏതെങ്കിലും സംരക്ഷിത പ്രദേശത്ത് പുരാതന സ്മാരകമോ, പ്രാദേശികമായ ബന്ധവും മൂല്യവുമുള്ള പൗരാണികാവശിഷ്ടമോ ഉണ്ടെന്ന് ഗവൺമെന്റിന് അഭിപ്രായമുള്ളപക്ഷം അവർക്ക് അങ്ങനെയുള്ള പ്രദേശം 1968-ലെ കേരള സ്ഥലമെടുപ്പ് ആക്ടിലെ (1962-ലെ 21-ാം ആക്ട്) വ്യവസ്ഥകൾ പ്രകാരം വിലയ്ക്കെടുക്കുന്നത് ആ ആക്ടിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽപ്പെടുന്ന പൊതുവായ ഒരു ആവശ്യത്തിനായിരുന്നാലെന്നപോലെ വിലയ്ക്കെടുക്കാവുന്നതാണ്.

## പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉത്ഖനനം

21. സംരക്ഷിത പ്രദേശങ്ങളിൽ കുഴിയെടുക്കൽ.—1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് (1968-ലെ 24-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആർക്കിയോളജിക്കൽ ആഫീസർക്കോ ഈ ആവശ്യത്തിന് അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഈ ആക്ട് പ്രകാരം ഈ ആവശ്യത്തിന് നൽകിയ ലൈസൻസ് കൈവശമുള്ള ഏതെങ്കിലും ആൾക്കോ (ഇതിനുശേഷം ലൈസൻസുകാരൻ എന്നാണ് പറയപ്പെടുക) ഡയറക്ടർക്കും ഉടമയ്ക്കും രേഖാമൂലം നോട്ടീസ് നൽകിയതിനുശേഷം ഏതു സംരക്ഷിത പ്രദേശത്തും പ്രവേശിക്കുകയും അവിടം കുഴിക്കുകയും ചെയ്യാവുന്നതാണ്.

22. സംരക്ഷിത പ്രദേശങ്ങളല്ലാത്ത സ്ഥലങ്ങളിൽ കുഴിക്കൽ.—ആർക്കിയോളജിക്കൽ ആഫീസർക്ക് സംരക്ഷിത പ്രദേശമല്ലാത്ത ഏതെങ്കിലും പ്രദേശത്തു ചരിത്രപരമോ പുരാവസ്തു ശാസ്ത്രപരമോ ആയി പ്രാധാന്യമുള്ള ജീർണ്ണാവശിഷ്ടങ്ങളോ നഷ്ടാവശിഷ്ടങ്ങളോ അടങ്ങിയിട്ടുണ്ടെന്നു വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ (1958-ലെ 24-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി അദ്ദേഹത്തിനോ ഈ ആവശ്യത്തിന് അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഡയറക്ടർക്കും ഉടമയ്ക്കും രേഖാമൂലം നോട്ടീസ് നൽകിയതിനുശേഷം ആ പ്രദേശത്ത് പ്രവേശിക്കുകയും അവിടം കുഴിക്കുകയും ചെയ്യാവുന്നതാണ്.

23. കുഴിക്കുന്നതിനിടയിൽ കണ്ടുപിടിക്കുന്ന പൗരാണികാവശിഷ്ടങ്ങളും മറ്റും നിർബ്ബന്ധപൂർവ്വം വിലയ്ക്കു വാങ്ങൽ.—(1) 21-ാം വകുപ്പോ, 22-ാം വകുപ്പോ പ്രകാരം ഏതെങ്കിലും പ്രദേശത്ത് വല്ല കുഴിയും എടുത്തതിന്റെ ഫലമായി വല്ല പൗരാണികാവശിഷ്ടവും കണ്ടുപിടിച്ചിട്ടുണ്ടെങ്കിൽ, അതതു സംഗതിപോലെ ആർക്കിയോളജിക്കൽ ആഫീസറോ ലൈസൻസുകാരനോ—

(എ) കഴിയുന്നത്രവേഗം ആ പൗരാണികാവശിഷ്ടം പരിശോധിക്കുകയും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചും ഒരു റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും,

(ബി) ഉത്ഖനന പ്രവർത്തനങ്ങൾ അവസാനിച്ചാൽ പൗരാണികാവശിഷ്ടം ഏത് ഭൂമിയിൽ നിന്ന് കണ്ടുപിടിച്ചുവോ ആ ഭൂമിയുടെ ഉടമസ്ഥന് അങ്ങനെയുള്ള പൗരാണികാവശിഷ്ടത്തിന്റെ സ്വഭാവത്തെപ്പറ്റി രേഖാമൂലം നോട്ടീസ് നൽകുകയും ചെയ്യേണ്ടതാകുന്നു.

(2) (3)-ാം ഉപവകുപ്പുപ്രകാരം അങ്ങനെയുള്ള ഏതെങ്കിലും പൗരാണികാവശിഷ്ടം നിർബന്ധപൂർവ്വം വിലയ്ക്കുവാങ്ങുന്നതിനുള്ള ഉത്തരവുപുറപ്പെടുവിക്കുന്നതുവരെ അതതു സംഗതിപോലെ ആർക്കിയോളജിക്കൽ ആഫീസറോ, ലൈസൻസുകാരനോ അത് തനിക്ക് യുക്തമെന്ന് തോന്നുന്ന പ്രകാരം ഭദ്രമായ സൂക്ഷിപ്പിൽ വയ്ക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള റിപ്പോർട്ടു ലഭിച്ചാൽ, ഗവൺമെന്റിന് അങ്ങനെയുള്ള ഏതൊരു പൗരാണികാവശിഷ്ടവും അതിന്റെ കമ്പോള വിലയ്ക്ക് നിർബന്ധപൂർവ്വം വിലയ്ക്കുവാങ്ങുവാൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും പൗരാണികാവശിഷ്ടം നിർബന്ധപൂർവ്വം വിലയ്ക്കുവാങ്ങുവാൻ ഉത്തരവ് പുറപ്പെടുവിച്ചാൽ ആ പൗരാണികാവശിഷ്ടം ആ ഉത്തരവിന്റെ തീയതി മുതൽ ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണ്.

24. പുരാവസ്തു ശാസ്ത്ര സംബന്ധമായ കാര്യങ്ങൾക്ക് കുഴിക്കുകയും മറ്റും ചെയ്യൽ.—21-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായും 22-ഉം 23-ഉം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമല്ലാതെയും യാതൊരു ആർക്കിയോളജിക്കൽ ആഫീസറോ മറ്റ് അധികാരസ്ഥനോ സംരക്ഷിത പ്രദേശമല്ലാത്ത യാതൊരു പ്രദേശത്തും പുരാവസ്തു ശാസ്ത്ര സംബന്ധമായ കാര്യങ്ങൾക്കുവേണ്ടി യാതൊരു ഉത്ഖനനമോ അതുപോലുള്ള മറ്റു പ്രവർത്തനമോ ഗവൺമെന്റിന്റെ മുന്നനുമതിയോടുകൂടിയും ഈ ആവശ്യത്തിന് ഗവൺമെൻറ് വല്ല ചട്ടവും ഉണ്ടാക്കുകയോ വല്ല നിർദ്ദേശവും നൽകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതനുസരിച്ചുമല്ലാതെ ആരംഭിക്കുകയോ ആരംഭിക്കാൻ വല്ല ആളെയും അധികാരപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

## പൗരാണികാവശിഷ്ടങ്ങൾ സംരക്ഷിക്കൽ

25. പൗരാണികാവശിഷ്ടം നീക്കം ചെയ്യുന്നതു നിയന്ത്രിക്കാൻ ഗവൺമെന്റിനുള്ള അധികാരം.—ഏതെങ്കിലും പൗരാണികാവശിഷ്ടമോ ഏതെങ്കിലും തരത്തിൽപ്പെട്ട പൗരാണികാവശിഷ്ടമോ അതു സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്ന് തങ്ങളുടെ അനുമതി കൂടാതെ നീക്കംചെയ്യാൻ പാടില്ലെന്ന് ഗവൺമെന്റ് കരുതുന്ന പക്ഷം ഗവൺമെന്റിന് പരസ്യംമൂലം അങ്ങനെയുള്ള ഏതെങ്കിലും പൗരാണികാവശിഷ്ടമോ ഏതെങ്കിലും തരത്തിൽപെട്ട അത്തരം പൗരാണികാവശിഷ്ടമോ ഡയറക്ടറുടെ രേഖാമൂലമായ അനുവാദം കൂടാതെ നീക്കം ചെയ്യാൻ പാടില്ലെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അനുവാദത്തിനുള്ള ഏതൊരപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലായിരിക്കേണ്ടതും അതിൽ നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

(3) അനുവാദം നിരസിച്ചുകൊണ്ടുള്ള ഉത്തരവുമൂലം സങ്കടമുള്ള ഏതൊരാൾക്കും ഗവൺമെന്റിലേക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്പീലിൻമേൽ ഗവൺമെന്റിന്റെ തീരുമാനം അവസാനത്തേതായിരിക്കുന്നതുമാണ്.

26. ഗവൺമെന്റ് പൗരാണികാവശിഷ്ടങ്ങൾ വിലയ്ക്കു വാങ്ങൽ.—(1) 25-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച പരസ്യത്തിൽ പറഞ്ഞ വല്ല പൗരാണികാവശിഷ്ടവും നശിപ്പിക്കുകയോ, നീക്കംചെയ്യുകയോ, കേടുവരുത്തുകയോ, ദുരുപയോഗപ്പെടുത്തുകയോ, ക്ഷയിച്ചുപോകാനനുവദിക്കുകയോ ചെയ്യാനിടയുണ്ടെന്ന് ഗവൺമെന്റിന് ഭയാശങ്കയോ അഥവാ അങ്ങനെയുള്ള പൗരാണികാവശിഷ്ടത്തിന്റെ ചരിത്രപരമോ പുരാവസ്തു ശാസ്ത്രപരമോ ആയ പ്രാധാന്യം ഹേതുവായി അത് ഒരു പൊതു സ്ഥലത്ത് കേടുവരാതെ സൂക്ഷിക്കുന്നത് അഭിലഷണീയമാണെന്ന അഭിപ്രായമോ ഉള്ളപക്ഷം, ഗവൺമെന്റിന് അങ്ങനെയുള്ള പൗരാണികാവശിഷ്ടം അതിന്റെ കമ്പോള വിലയ്ക്ക് നിർബന്ധപൂർവ്വം വിലയ്ക്കുവാങ്ങാൻ ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അങ്ങനെ ചെയ്താൽ ഡയറക്ടർ വിലയ്ക്കുവാങ്ങേണ്ട പൗരാണികാവശിഷ്ടത്തിന്റെ ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതുമാകുന്നു.

(2) ഏതെങ്കിലും പൗരാണികാവശിഷ്ടം സംബന്ധിച്ച് (1)-ാം ഉപവകുപ്പു പ്രകാരം നിർബന്ധപൂർവ്വം വിലയ്ക്കു വാങ്ങുന്നതിനുള്ള നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ള പക്ഷം അങ്ങനെയുള്ള പൗരാണികാവശിഷ്ടം നോട്ടീസിന്റെ തീയതി മുതൽ ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണ്.

(3) നിർബന്ധപൂർവ്വം വിലയ്ക്കു വാങ്ങുന്നതിന് ഈ വകുപ്പുമൂലം നൽകിയിട്ടുള്ള അധികാരം യഥാർത്ഥമായ മതാനുഷ്ഠാനത്തിന് വാസ്തവത്തിൽ ഉപയോഗിക്കുന്ന യാതൊരു പ്രതിമയ്ക്കോ, പ്രതിരൂപത്തിനോ സംബന്ധിക്കുന്നതല്ല.

## നഷ്ട പ്രതിഫലം സംബന്ധിച്ച തത്വങ്ങൾ

27. നഷ്ടത്തിനോ നാശത്തിനോ നഷ്ടപ്രതിഫലം.—ഭൂമിയുടെ വല്ല ഉടമയ്ക്കോ കൈവശക്കാരനോ ആ ഭൂമിയിൽ പ്രവേശിക്കുകയോ കുഴിക്കുകയോ അഥവാ ഈ ആക്റ്റുമൂലം നൽകപ്പെട്ട മറ്റേതെങ്കിലും അധികാരം വിനിയോഗിക്കുകയോ ചെയ്യുന്നതു കൊണ്ട് വല്ല നഷ്ടമോ നാശമോ അല്ലെങ്കിൽ ആ ഭൂമിയിൽ നിന്നുള്ള ആദായത്തിൽ വല്ല കുറവോ നേരിട്ടിട്ടുണ്ടെങ്കിൽ അയാൾക്ക് അങ്ങനെയുള്ള നഷ്ടത്തിനോ നാശത്തിനോ ലാഭത്തിനുണ്ടായ കുറവിനോ ഗവൺമെന്റ് നഷ്ടപരിഹാരം നൽകേണ്ടതാണ്.

28. കമ്പോള വിലയോ നഷ്ട പ്രതിഫലമോ കണക്കാക്കൽ.—(1) ഏത് വസ്തു ഈ ആക്ട് പ്രകാരം കമ്പോള വിലയ്ക്കു വാങ്ങുവാൻ ഗവൺമെന്റിന് അധികാരം നൽകിയിരിക്കുന്നുവോ ആ വസ്തുവിന്റെ അങ്ങനെയുള്ള വിലയോ ഈ ആക്ട് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യം സംബന്ധിച്ച് ഗവൺമെന്റ് നൽകേണ്ടതായ നഷ്ട പ്രതിഫലമോ അങ്ങനെയുള്ള കമ്പോള വിലയോ നഷ്ട പ്രതിഫലമോ സംബന്ധിച്ച് വല്ല തർക്കവും ഉണ്ടാകുമ്പോൾ 1961-ലെ കേരള സ്ഥലമെടുപ്പ് ആക്ട് (1962-ലെ 21-ാം ആക്ട്) സംബന്ധിപ്പിക്കാവുന്നിടത്തോളം അതിൽ വ്യവസ്ഥ ചെയ്ത വിധത്തിൽ തിട്ടപ്പെടുത്തേണ്ടതാണ്.

എന്നാൽ, 1961-ലെ കേരള സ്ഥലമെടുപ്പ് ആക്ട് (1962-ലെ 21) പ്രകാരം അന്വേഷണ വിചാരണ നടത്തുമ്പോൾ കളക്ടറെ രണ്ട് അസസ്സർമാർ സഹായിക്കേണ്ടതും അവരിലൊരാൾ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തിയും മറ്റേയാൾ ഉടമയോ അഥവാ കളക്ടർ ഈ ആവശ്യാർത്ഥം നിശ്ചയിച്ചിട്ടുള്ള ന്യായമായ സമയത്തിനുള്ളിൽ ഉടമ ഒരു അസ്സസ്സറെ നാമനിർദ്ദേശം ചെയ്യാൻ വീഴ്ച വരുത്തിയാൽ കളക്ടറോ നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയും ആയിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ 1961-ലെ കേരള സ്ഥലമെടുപ്പ് ആക്ടിലോ (1962-ലെ 21-ാം ആക്ട്) എന്തുതന്നെ ഉണ്ടായിരുന്നാലും 23-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരമോ 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമോ ഏതു പൗരാണികാവശിഷ്ടമാണോ നിർബന്ധപൂർവ്വം വിലയ്ക്കു വാങ്ങുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് അങ്ങനെയുള്ള ഏതൊരു പൗരാണികാവശിഷ്ടത്തിന്റെയും കമ്പോള വില നിശ്ചയിക്കുമ്പോൾ, അത് ചരിത്രപരമായോ, പുരാവസ്തു ശാസ്ത്രസംബന്ധമായോ പ്രാധാന്യമുള്ളതാണെന്ന കാരണത്താൽ അതിന്റെ വിലയിലുണ്ടാകുന്ന യാതൊരു വർദ്ധനയും കണക്കിലെടുക്കാൻ പാടില്ലാത്തതാകുന്നു.

## പലവക

29. അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കൽ.—ഈ ആക്ട്മൂലമോ ആക്ട് പ്രകാരമോ തങ്ങൾക്ക് നൽകപ്പെട്ട ഏതൊരധികാരവും നിർദ്ദേശത്തിൽ പറയാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിർദ്ദേശത്തിൽ പറയാവുന്ന പ്രകാരം ഗവൺമെന്റിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥനോകൂടി നടത്താവുന്നതാണെന്ന് ഗവൺമെന്റിന് പരസ്യംമൂലം നിർദ്ദേശിക്കാവുന്നതാണ്.

30. ശിക്ഷകൾ.—ആരെങ്കിലും—(i) ഒരു സംരക്ഷിത സ്മാരകം നശിപ്പിക്കുകയോ, നീക്കം ചെയ്യുകയോ, കേടുവരുത്തുകയോ, വ്യത്യാസപ്പെടുത്തുകയോ, വികൃതമാക്കുകയോ, അപകടപ്പെടുത്തുകയോ, ദുരുപയോഗപ്പെടുത്തുകയോ; അഥവാ,

(ii) സംരക്ഷിത സ്മാരകത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ ആയിരിക്കെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമോ, 10-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമോ പുറപ്പെടുവിച്ച ഉത്തരവ് ലംഘിക്കുകയോ; അഥവാ

(iii) സംരക്ഷിത സ്മാരകത്തിൽ നിന്ന് ഏതെങ്കിലും ശിൽപ്പവേലയോ, കൊത്തുപണിയോ, പ്രതിരൂപമോ, ഉപരിതലത്തിൽ നിന്ന് അൽപ്പം പൊന്തിനിൽക്കുന്ന കൊത്തുപണിയോ, ലിഖിതമോ അതുപോലെ മറ്റു സാധനമോ നീക്കം ചെയ്യുകയോ; അഥവാ,

(iv) 19-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ലംഘിച്ചുകൊണ്ട് വല്ല പ്രവർത്തിയും ചെയ്യുകയോ, ചെയ്യുന്നതായാൽ അയാൾക്ക് മൂന്ന് മാസത്തോളം വരാവുന്ന തടവോ അയ്യായിരം രൂപയോളം വരാവുന്ന പിഴയോ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകേണ്ടതാണ്.

25-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച പരസ്യം ലംഘിച്ചുകൊണ്ട് വല്ല പൗരാണികാവശിഷ്ടവും നീക്കം ചെയ്യുന്ന ഏതൊരാൾക്കും അയ്യായിരം രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതും, അങ്ങനെയുള്ള ഏതെങ്കിലും ലംഘനത്തിന് ഒരാളുടെ മേൽ കുറ്റം സ്ഥാപിക്കുന്ന കോടതിക്ക് ആ ആളോട് ആ പൗരാണികാവശിഷ്ടം നീക്കം ചെയ്ത സ്ഥലത്ത് അതു തിരികെ വയ്ക്കുവാൻ ഉത്തരവുമൂലം നിർദ്ദേശിക്കാവുന്നതുമാണ്.

31. കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള അധികാരപരിധി.—ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റുപ്രകാരമുള്ള യാതൊരു കുറ്റവും വിചാരണ ചെയ്യാൻ പാടില്ലാത്തതാകുന്നു.

32. ചില കുറ്റങ്ങൾ പോലീസിന് നേരിട്ടിടപെടാവുന്നവയാണെന്ന്.—1898-ലെ ക്രിമിനൽ നടപടി നിയമത്തിൽ (1898-ലെ 5-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (1)-ാം ഖണ്ഡമോ (iii) ഖണ്ഡമോ പ്രകാരമുള്ള കുറ്റം ആ നിയമത്തിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ പോലീസിന് നേരിട്ടിടപെടാവുന്ന കുറ്റമായി കരുതേണ്ടതാണ്.

33. പിഴ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—1898-ലെ ക്രിമിനൽ നടപടി നിയമം (1898-ലെ 5-ാം കേന്ദ്ര ആക്റ്റ്) 32-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗവൺമെന്റ് ഈ ആവശ്യാർത്ഥം പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റും ഈ ആക്റ്റുപ്രകാരം രണ്ടായിരം രൂപയിൽ കവിഞ്ഞ പിഴ ശിക്ഷ നൽകാവുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെടുന്ന ഏതൊരാളുടേയും മേൽ രണ്ടായിരം രൂപയിൽ കവിഞ്ഞ പിഴശിക്ഷ പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

34. ഗവൺമെന്റിന് കിട്ടാനുള്ള തുക വസൂലാക്കൽ.—ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും വ്യക്തിയുടെ പക്കൽനിന്ന് ഗവൺമെന്റിന് കിട്ടാനുള്ള ഏതൊരു തുകയും ഡയറക്ടർ നൽകുന്ന സർട്ടിഫിക്കറ്റിൻമേൽ തൽക്കാലം നിലവിലുള്ള നികുതി കുടിശ്ശികയെന്നപോലെ അതേ വിധത്തിൽ വസൂലാക്കാവുന്നതാണ്.

35. മേലാൽ സംരക്ഷണമാവശ്യമില്ലാത്ത പ്രാചീന സ്മാരകങ്ങളും മറ്റും.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രാചീനവും ചരിത്രപരവുമായ ഏതെങ്കിലും സ്മാരകമോ അല്ലെങ്കിൽ ഏതെങ്കിലും പുരാവസ്തുസങ്കേതവും പുരാവശിഷ്ടവുമോ മേലാൽ സംരക്ഷിക്കേണ്ട ആവശ്യമില്ലെന്ന് ഗവൺമെന്റിന് അഭിപ്രായമുള്ളപക്ഷം, ഗവൺമെന്റിന് പരസ്യംമൂലം അതതു സംഗതിപോലെ, പ്രാചീനവും ചരിത്രപരവുമായ ആ സ്മാരകമോ അല്ലെങ്കിൽ ആ പുരാവസ്തു സങ്കേതവും പുരാവശിഷ്ടമോ ഈ ആക്റ്റിന്റെ ആവശ്യാർത്ഥം ഒരു സംരക്ഷിത സ്മാരകമോ സംരക്ഷിത പ്രദേശമോ അല്ലാതായി തീർന്നിട്ടുണ്ടെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

36. തെറ്റുകളും മറ്റും തിരുത്തുവാനുള്ള അധികാരം.—ഈ ആക്റ്റ്മൂലമോ, ആക്റ്റുപ്രകാരമോ ഒരു സംരക്ഷിത സ്മാരകമോ, സംരക്ഷിത പ്രദേശമോ ആയി പ്രഖ്യാപിക്കപ്പെട്ട വല്ല പ്രാചീന സ്മാരകത്തിന്റെയോ, പുരാവസ്തു സങ്കേതത്തിന്റെയും പുരാവശിഷ്ടത്തിന്റെയുമോ വിവരണത്തിലുള്ള വല്ല കൈത്തെറ്റോ സ്പഷ്ടമായ തെറ്റോ അല്ലെങ്കിൽ യാദൃശ്ചികമായ പിശകോ, വീഴ്ചയോമൂലമുണ്ടാകുന്ന തെറ്റോ ഗവൺമെന്റിന് ഏതു സമയവും പരസ്യംമൂലം തിരുത്താവുന്നതാണ്.

37. ആക്റ്റു പ്രകാരം എടുക്കുന്ന നടപടിക്ക് രക്ഷ.—ഈ ആക്റ്റുമൂലം നൽകപ്പെട്ട വല്ല അധികാരവും വിനിയോഗിക്കുമ്പോൾ ഉത്തമവിശ്വാസമായി ചെയ്തിട്ടുള്ളതോ അഥവാ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ യാതൊരു പ്രവർത്തി സംബന്ധിച്ചും യാതൊരു സർക്കാർ ജീവനക്കാരന്റെയും പേരിൽ നഷ്ടപരിഹാരത്തിനുള്ള യാതൊരു വ്യവഹാരമോ, യാതൊരു ക്രിമിനൽ നടപടിയോ നടത്തുവാൻ പാടുള്ളതല്ല.

38. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) ഗവൺമെന്റിന് ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരസ്യംമൂലവും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുകളിൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ദൂഷ്യം കൂടാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാ കാര്യങ്ങൾക്കുമോ അഥവാ അവയിൽ ഏതെങ്കിലും കാര്യത്തിനോ വ്യവസ്ഥ ചെയ്യാവുന്നതാകുന്നു. അതായത്,—

(എ) ഒരു സംരക്ഷിത സ്മാരകത്തിന്റെ അടുത്തു ഖനനം ചെയ്യുകയോ, കല്ലുവെട്ടിയെടുക്കുകയോ, കുഴിക്കുകയോ, പാറപൊട്ടിക്കുകയോ അതേ രീതിയിലുള്ള ഏതെങ്കിലും പ്രവർത്തനം നടത്തുകയോ ചെയ്യുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള സ്മാരകത്തോടു തൊട്ടുകിടക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും അനധികൃതമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും ചെയ്യുന്നതോ ലൈസൻസുമൂലമോ മറ്റു വിധത്തിലോ നിരോധിക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്യൽ;

(ബി) സംരക്ഷിത പ്രദേശത്ത് പുരാവസ്തു സംബന്ധമായ ആവശ്യങ്ങൾക്കുവേണ്ടി കുഴിക്കുന്നതിന് ലൈസൻസുകളും അനുവാദവും നൽകലും അങ്ങനെയുള്ള ലൈസൻസുകൾ നൽകേണ്ട അധികാരസ്ഥൻമാർ ആരെന്നും ലൈസൻസുകൾ ഏതു നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായാണ് നൽകേണ്ടതെന്നും ലൈസൻസുകാരിൽ നിന്ന് ജാമ്യം വാങ്ങലും അങ്ങനെയുള്ള ലൈസൻസുകൾക്ക് ചുമത്താവുന്ന ഫീസും;

(സി) സംരക്ഷിത സ്മാരകത്തിന്റെ അടുത്തുചെല്ലുന്നതിന് പൊതുജനങ്ങൾക്കുള്ള അവകാശവും അതിലേക്ക് ഫീസ് വല്ലതും ചുമത്തണമെങ്കിൽ അതും;

(ഡി) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡപ്രകാരം ആർക്കിയോളജിക്കൽ ആഫീസറോ, ലൈസൻസുകാരനോ സമർപ്പിക്കേണ്ട റിപ്പോർട്ടിന്റെ ഫാറവും ഉള്ളടക്കവും;

(ഇ) 19-ാം വകുപ്പോ 25-ാം വകുപ്പോ പ്രകാരം അനുവാദത്തിനുള്ള അപേക്ഷകൾ ബോധിപ്പിക്കേണ്ട ഫാറവും അവയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും;

(എഫ്) ഈ ആക്റ്റുപ്രകാരം അപ്പീലുകൾ ബോധിപ്പിക്കുന്നതിനുള്ള ഫാറവും വിധവും അവ ഏതു കാലത്തിനകം ബോധിപ്പിക്കാമോ ആ കാലവും;

(ജി) ഈ ആക്റ്റുപ്രകാരം വല്ല ഉത്തരവോ നോട്ടീസോ നടത്തേണ്ട വിധം;

(എച്ച്) പുരാവസ്തു ശാസ്ത്രസംബന്ധമായ ആവശ്യങ്ങൾക്കായി ഉത്ഖനനങ്ങളും അതുപോലുള്ള മറ്റു പ്രവർത്തനങ്ങളും നടത്താവുന്ന വിധം;

(ഐ) നിർണ്ണയിക്കപ്പെട്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം;

(3) ഈ വകുപ്പുപ്രകാരമുണ്ടാകുന്ന ഏതൊരു ചട്ടത്തിലും, അതിന്റെ ലംഘനത്തിന് താഴെപ്പറയുന്ന ശിക്ഷ നൽകണമെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) (2)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡം സംബന്ധിച്ചുണ്ടാക്കിയ ചട്ടത്തിന്റെ സംഗതിയിൽ മൂന്നു മാസത്തോളം വരാവുന്ന തടവോ, അയ്യായിരം രൂപയോളം വരാവുന്ന പിഴയോ അഥവാ രണ്ടും കൂടിയോ ആയ ശിക്ഷ;

(ii) (2)-ാം ഉപവകുപ്പ് (ബി) എന്ന ഖണ്ഡം സംബന്ധിച്ചുണ്ടാക്കിയ ചട്ടത്തിന്റെ സംഗതിയിൽ അയ്യായിരം രൂപയോളം വരാവുന്ന പിഴ ശിക്ഷ.

(4) ഈ ആക്റ്റ് പ്രകാരമുണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭായോഗം ചേർന്നിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാല് ദിവസത്തേക്ക് അങ്ങനെയുള്ള കാലം ഒരേ സമ്മേളനത്തിലോ തുടർച്ച യായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാം, വയ്ക്കേണ്ടതും അപ്രകാരം അതു വയ്ക്കുന്ന സമ്മേളനമോ, അതിനു തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ചട്ടത്തിൽ വല്ല ഭേദഗതിയും വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്നും തീരുമാനിക്കുകയോ ചെയ്താൽ, ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതും, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെ ഏതെങ്കിലും വിധത്തിൽ ഭേദഗതി ചെയ്യുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നത് ആ ചട്ടപ്രകാരം നേരത്തെ ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ദൂഷ്യം വരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

39. റദ്ദാക്കൽ.—കേരള സംസ്ഥാനത്തിന്റെ ഏതെങ്കിലും പ്രദേശത്ത് പ്രാബല്യത്തി ലിരിക്കുന്ന തിരുവിതാംകൂർ പ്രാചീന സ്മാരക സംരക്ഷണ ആക്റ്റും (1112-ലെ 1) 1110-ലെ IX-ാം പ്രാചീന സ്മാരക സംരക്ഷണ ആക്റ്റും (കൊച്ചി ആക്റ്റ്) 1904-ലെ പ്രാചീന സ്മാരക സംരക്ഷണ ആക്റ്റും (1904-ലെ 7-ാം കേന്ദ്ര ആക്റ്റും) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(A true translation)

C. H. KUNHIRAMAN,
*Head Translator.*